കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.ksad.kerala.gov.in

**നാരങ്ങാനം ഗ്രാമപ്പഞ്ചായത്ത്**

**ഓഡിറ്റ് റിപ്പോർട്ട് - 2018-19**

**കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്, പത്തനംതിട്ട ജില്ല**

e-mail:lfadpta@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

**ഭരണഭാഷ-മാതൃഭാഷ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട – 689 645
ഫോൺ: 0468 2223691
ഇ-മെയിൽ lfadpta@gmail.com
തീയതി: 07.01.2020

കെ.എസ്.എ.പിറ്റിഎ.പി5/1004/2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം),
നാരങ്ങാനം ഗ്രാമപ്പഞ്ചായത്ത്.

സർ,

വിഷയം: നാരങ്ങാനം ഗ്രാമപ്പഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നാരങ്ങാനം ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1, 4ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് – പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടങ്ങൾ 14, 15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ചട്ടം 20, 23, 1997ലെ കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും – ചട്ടം 21(1),(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
പത്തനംതിട്ട

പകർപ്പ്:

1. കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട
3. കാര്യാലയ പകർപ്പ്

**നം.കെ.എസ്.എ.പി.റ്റി.എ.പി5/1004/2019** **തീയതി: 07.01.2020**

**പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ്-ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

**(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) - വകുപ്പ്, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/ പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | വിജയലക്ഷ്മി പി.കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.11.2019 മുതൽ 27.11.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ അനിൽകുമാർ റ്റി, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)<br>ശ്രീമതി വീണ സി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. ഷൈജു വൈ., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ ശ്രീകുമാർ എസ്., ഓഡിറ്റർ |

**<u>നിർവ്വഹണാധികാരികൾ</u>**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ കടമ്മനിട്ട കരുണാകരൻ | 01.04.2018 - 31.03.2019 |
| ചെയർപേഴ്സൺ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി അമ്പിളി ഹരിദാസ് | 01.04.2018 - 31.03.2019 |
| ചെയർമാൻ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീ കെ.ജി. ഹരിദാസ് | 01.04.2018 - 31.03.2019 |
| ചെയർപേഴ്സൺ, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി പൊന്നമ്മ മാത്യു | 01.04.2018 - 31.03.2019 |
| ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി | ശ്രീമതി ജെസി മാത്യു | 01.04.2018 - 31.03.2019 |
| **സെക്രട്ടറി** | ശ്രീ ഡി. അനിൽകുമാർ | 01.04.2018 – 10.04.2018 |
| | ശ്രീമതി റ്റി.രഞ്ചിമ അസി. | 11.04.2018 – |

| | | |
|---|---|---|
| | സെക്രട്ടറി (പൂർണ്ണ അധിക ചുമതല) | 06.05.2018 |
| | ശ്രീ ഡി. അനിൽകുമാർ | 07.05.2018 – 19.06.2018 |
| | ശ്രീമതി റ്റി.രഞ്ചിമ അസി. സെക്രട്ടറി (പൂർണ്ണ അധിക ചുമതല) | 20.06.2018 – 26.06.2018 |
| | ശ്രീമതി എൽ. വിജയമ്മ | 27.06.2018 – 17.12.2018 |
| | ശ്രീ ജെ. ഗിഫ്റ്റി, അസി. സെക്രട്ടറി (പൂർണ്ണ അധിക ചുമതല) | 18.12.2018 – 09.01.2019 |
| | ശ്രീമതി എൽ. വിജയമ്മ | 10.01.2019 – 31.03.2019 |

**<u>മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി ധന്യ | 01.04.2018 - 31.03.2019 |
| വെറ്ററിനറി സർജൻ | ശ്രീ അനിൽ കെ. | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | ഡോ. ശ്രുതി സുധാകർ | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ (എം.ജി.എസ്. ഡിസ്പൻസറി, മഹാണിമല) | ഡോ. ഹാംലറ്റ് എ. | 01.04.2018 – 31.03.2019 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ജി. ഷീബ | 01.04.2018 – 31.03.2019 |
| വി.ഇ.ഒ. | ശ്രീമതി അനിത | 29.11.2018 – 31.03.2019 |
| ഹെഡ് മാസ്റ്റർ | ശ്രീമതി സജി റ്റി. | 01.04.2018 – 31.03.2019 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി അനുമോൾ | 01.04.2018 – 31.03.2019 |
| അസി.സെക്രട്ടറി | ശ്രീമതി റ്റി. രഞ്ചിമ | 01.04.2018 – 14.10.2018 |
| | ശ്രീ പ്രദീപ് എം.വി. | 15.10.2018 – 25.11.2018 |
| | ശ്രീ ജെ.ഗിഫ്റ്റി | 26.11.2018 – 31.03.2019 |

**ഉള്ളടക്കം**

| ക്രമ നം. | വിഷയം | ഖണ്ഡിക നം. |
|---|---|---|
| | ~~ഓഡിറ്റ് റിപ്പോർട്ട്~~ | |
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തുനികുതിയിനത്തിൽ പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല | 1-11 |
| 12 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നികുതി വരവ് കുറഞ്ഞു | 1-12 |
| 13 | ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന പ്ലോട്ടുകളിലെ തുടർനിർമ്മാണം - നിരീക്ഷണമില്ല | 1-13 |
| 14 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 5.4 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു | 1-14 |
| 15 | വാടകക്കാരുമായി കൃത്യമായി കരാർ ചമയ്ക്കുന്നില്ല | 1-15 |
| 16 | രസീതുകൾ ക്രമപ്രകാരം റദ്ദ് ചെയ്യുന്നില്ല | 1-16 |
| 17 | ഫാക്ടറികൾക്കും,വ്യാപാരങ്ങൾക്കും,സംരംഭക പ്രവർത്തനങ്ങൾക്കും,മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ- അപാകതകൾ | 1-17 |
| 18 | വൃദ്ധർക്കുള്ള പകൽ വീട് നിലവിൽ മാലിന്യ ശേഖരണ കേന്ദ്രം | 1-18 |
| 19 | പദ്ധതി പ്രവർത്തനങ്ങൾക്ക് വകയിരുത്തുന്ന ഫണ്ട് പൂർണ്ണമായി വിനിയോഗിക്കുന്നില്ല. | 1-19 |
| 20 | മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ | 1-20 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല. | 1-21 |
| 22 | ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല | 1-22 |
| 23 | ലൈബ്രറി സെസ് തുക അടവാക്കിയില്ല | 1-23 |
| 24 | പൊതുടാപ്പുകളുടെ വെള്ളക്കരം- ഗ്രാമപഞ്ചായത്ത് തനത് ഫണ്ട് ചോർത്തുന്നു. | 1-24 |
| 25 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വിനിയോഗിച്ചു | 1-25 |
| 26 | ശുചിത്വ ഗ്രാമം പദ്ധതി നടപ്പിലായില്ല | 1-26 |
| 27 | മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി നടത്തിയില്ല | 1-27 |

| | | |
|---|---|---|
| 28 | വാട്ടർ അതോറിറ്റിയിൽ ചെലവാകാതെ അവശേഷിക്കുന്ന 262436 രൂപ തിരികെ ഈടാക്കിയില്ല | 1-28 |
| 29 | അഗതി രഹിത കേരളം പദ്ധതി - നിർവ്വഹണത്തിൽ പുരോഗതി ഇല്ല | 1-29 |
| 30 | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ-പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-30 |
| 31 | വാടക കുടിശ്ശിക നിലനിൽക്കെ കരാർ പുതുക്കി നൽകി | 1-31 |
| 32 | കെയ്കോയിൽ നിന്നും ടെണ്ടർ നടപടി കൂടാതെ വളം, കീടനാശിനി എന്നിവ വാങ്ങി | 1-32 |
| 33 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്തൽ | 1-33 |
| 34 | മരുന്നുകൾ ലഭ്യാമാകാൻ അവശേഷിക്കുന്ന | 1-34 |
| | **ഭാഗം 2** | |
| | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 3** | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | **ഭാഗം 4** | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 35 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 36 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 37 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 38 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-4 |
| 39 | വായ്പ/ വായ്പാ തിരിച്ചടവ് | 4-5 |
| 40 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 41 | ഓഡിറ്റ് റിക്കവറി | 4-7 |
| 42 | ചാർജ്ജ്/സർ ചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരങ്ങൾ | 4-9 |
| 44 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 45 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബഡ്ജറ്റ്

2018-19വർഷത്തെ ബഡ്ജറ്റ് 24/03/2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. റിവൈസ്ഡ് ബജറ്റിന് 06/02/2019-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി അംഗീകാരം നൽകിയിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 15.06.2019 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6084046 |
| വരവ് | 54388632 |
| ആകെ | 60472678 |
| ചെലവ് | 45027167 |
| നീക്കിയിരിപ്പ് | 15445511 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 11568000 | 11568000 | 10593296 | 974704 |
| വികസന ഫണ്ട് - എസ്.സി.പി | 0 | 4189000 | 4189000 | 2627383 | 1561617 |
| വികസന ഫണ്ട് - റ്റി.എസ്.പി | 0 | 320000 | 320000 | 174266 | 145734 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 5369000 | 5369000 | 4230344 | 1138656 |
| മെയിന്റനൻസ്- റോഡ് | 0 | 8031000 | 8031000 | 3903943 | 4127057 |
| മെയിന്റനൻസ്- നോൺറോഡ് | 0 | 2780000 | 2780000 | 2561864 | 218136 |
| ട്രഷറി-ടി എസ് ബി (ജനറൽ പർപ്പസ്) | 125241 | 12654930 | 12780171 | 5170376 | 7609795 |
| എസ് ബി റ്റി-സാക്ഷരത | 2785 | 13623 | 16408 | 14674 | 1734 |
| എം ജി എൻ ആർ ഇ ജി എസ് | 1000 | 371453 | 372453 | 370487 | 1966 |
| എസ് ബി റ്റി- പൈക്ക | 290000 | 0 | 290000 | 0 | 290000 |
| ട്രഷറി-ടി എസ് ബി- ജോയിന്റ് വെഞ്ചർ | 723 | 2896506 | 2897229 | 2620964 | 276265 |
| ബി ഫണ്ട് | 0 | 54360 | 54360 | 54360 | 0 |
| തനത് ഫണ്ട് | 5802980 | 15980793 | 21783773 | 14252765 | 7531008 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷത്തിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 2018-19 | 196 | 58063983 | 132 | 34000808 | 64 | 59 |

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ടുകളുടെ എണ്ണം | അടങ്കൽ | നടപ്പിലാക്കിയ പ്രോജക്ടുകൾ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 1 | കൃഷി ആഫീസർ | 6 | 2338900 | 6 | 1645200 | 70.34 |
| 2 | വെറ്ററനറി ആഫീസർ | 6 | 1918000 | 6 | 952222 | 49.65 |
| 3 | മെഡിക്കൽ ആഫീസർ (പി എച്ച് സി) | 3 | 1200000 | 3 | 1164100 | 97.01 |
| 4 | മെഡിക്കൽ ആഫീസർ (ഹോമിയോ) | 2 | 150000 | 2 | 150000 | 100 |
| 5 | മെഡിക്കൽ ആഫീസർ (ആയുർവേദം) | 1 | 450000 | 1 | 450000 | 100 |
| 6 | വില്ലേജ് എക്സ്റ്റൻഷൻ ആഫീസർ | 5 | 12148867 | 4 | 10712983 | 88.18 |
| 7 | എെ സി ഡി എസ്ആഫീസർ | 5 | 2175000 | 5 | 939067 | 89.15 |
| 8 | സെക്രട്ടറി | 21 | 4883057 | 14 | 2641015 | 54.09 |
| 9 | ഹെഡ്മാസ്റ്റർ ഗവ.എൽ പി എസ് | 4 | 991200 | 4 | 799966 | 80.71 |
| 10 | അസി. എഞ്ചിനീയർ | 126 | 28430459 | 77 | 11525969 | 40.54 |
| 11 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 850000 | 2 | 850000 | 100 |
| 12 | അസി.സെക്രട്ടറി | 15 | 2528500 | 8 | 1170286 | 46.28 |
| | ആകെ | 196 | 58063983 | 132 | 34000808 | 58.56 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 1000 | 371453 | 372453 | 370487 | 1966 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 7959216 | 7959216 | 7959216 | 0 |

## 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 38 | 2460900 |
| വിധവാ പെൻഷൻ | 68 | 5695500 |
| വാർദ്ധക്യകാല പെൻഷൻ | 272 | 13990000 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 23 | 2878600 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 158400 |
| തൊഴിൽ രഹിത വേതനം | 34 | 54360 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.11.2019 തീയതിയിൽ 4.30 pm-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 10151/- രൂപയുടെ (പതിനായിരത്തി ഒരു നൂറ്റി അൻപത്തി ഒന്ന് രൂപ മാത്രം) കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിന്റെ വരവ്, ചെലവ് രേഖകളും, അനുബന്ധ രജിസ്റ്ററുകളും തൃപ്തികരമായി സൂക്ഷിക്കുകയും, പരിശോധനയ്ക്ക് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പിൽവരുത്തി ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ വാങ്ങിയിട്ടില്ല.

ഓഫീസ് സെക്ഷനുകൾ പേഴ്സണൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. പേഴ്സണൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ തപാലുകളും, വിവിധ സേവനങ്ങൾക്കുള്ള അപേക്ഷകളും സെക്ഷനുകൾ യഥാസമയം തീർപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിക്കുന്നില്ല.

ഫയലുകൾക്ക് നോട്ട് ഫയൽ എഴുതി തീയതി വച്ച് ഇൻഷ്യൽ ചെയ്ത് സൂപ്പർ വൈസർ ഒപ്പ് വച്ച് പേജ് നമ്പർ ഇട്ട് കൈകാര്യം ചെയ്യുന്നില്ല. ജീവനക്കാർ സ്ഥലം മാറി പോകുമ്പോൾ ചുമതല യഥാവിധി കൈമാറുകയോ ചാർജ്ജ് ഹാൻഡ് ഓവർ രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്യുന്നില്ല. സൂപ്പർവൈസറി ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള റിക്കവറികളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുകയോ, രജിസ്റ്ററിൽ കൃത്യമായ വിവരങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല. 26.07.11-ലെ ജി.ഒ.(എം.എസ്.)152/11/തസ്വഭവ നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.07.2019 | 05/19 – 08/19 | 14.11.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.07.2016 മുതൽ 18.07.2016 വരെ | 2011-12 മുതൽ 2015-16 വരെ | 19.09.2016 |

# 1-11 വസ്തുനികുതിയിനത്തിൽ പിരിച്ച തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ ക്ലാർക്കായ ശ്രീമതി. ബിന്ദുശ്രീയുടെ പേരിൽ 5/1/2019 ൽ അനുവദിച്ച 26000-ാം നമ്പർ രസീതുബുക്കിലെ 58മുതൽ 66 വരെ രസീതുകൾ ഉപയോഗിച്ച് 15/1/2019 ൽ വസ്തുനികുതിയിനത്തിൽ പിരിച്ച 1906രൂപ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തിയിരുന്നില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | രസീത് ബുക്ക് നമ്പർ | രസീത് നമ്പർ | തീയതി | പേര് | തുക |
|---|---|---|---|---|---|
| 1 | 26000 | 58 | 15/1/2019 | മത്തായി ജോൺ | 20 |
| 2 | 26000 | 59 | 15/1/2019 | കുഞ്ഞമ്മ വർഗ്ഗീസ് | 32 |
| 3 | 26000 | 60 | 15/1/2019 | അലക്സാണ്ടർ തോമസ് | 218 |
| 4 | 26000 | 61 | 15/1/2019 | ചാക്കോ | 121 |
| 5 | 26000 | 62 | 15/1/2019 | ചാക്കോ | 107 |
| 6 | 26000 | 63 | 15/1/2019 | ബീന ജോസഫ് | 962 |
| 7 | 26000 | 64 | 15/1/2019 | മാത്യു | 262 |
| 8 | 26000 | 65 | 15/1/2019 | മത്തായി എബ്രഹാം | 69 |
| 9 | 26000 | 66 | 15/1/2019 | തോമസ് | 115 |
| | | | | ആകെ | 1906 |

കേരള ഫിനാൻഷ്യൽ കോഡ് വാല്യം 1ലെ അനുഛേദം 7പ്രകാരവും 2011ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടത്തിലെ റൂൾ 23പ്രകാരവും ഒരു ഉദ്യോഗസ്ഥൻ കാഷ്, മണിയോഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500രൂപയിൽ അധികരിക്കുകയാണെങ്കിൽ അതേ ദിവസം തന്നെയോ തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ട്രഷറി അക്കൗണ്ടിൽ അടയ്ക്കേണ്ടതാണ്.എന്നാൽ 21-11-2019ന് നൽകിയ 6-ാം നമ്പർ ഓഡിറ്റ് എൻക്വയറിയെ തുടർന്നാണ് 25-11-2019 ൽ ടി തുക പഞ്ചയത്ത് ഫണ്ടിൽ ഒടുക്കുവരുത്തിയത്.വസ്തുനികുതിയായി പിരിച്ച തുക പഞ്ചയത്ത് ഫണ്ടിൽ കൃത്യസമയത്ത് ഒടുക്കുവരുത്താതിരുന്നത് നികുതി പിരിവിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥയുടേയും മേൽനോട്ടച്ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും ഭാഗത്തുനിന്നുള്ള ഗുരുതരവീഴ്ചയാണ്. ഇത്തരം വീഴ്ചകൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

# 1-12 വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച്

# വസ്തുനികുതി നിർണ്ണയിച്ചതു മൂലം നികുതി വരവ് കുറഞ്ഞു

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയർ മുഖേന പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം നികുതിയിൽ വലിയ കുറവുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9)വകുപ്പിൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 70/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് . വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വർഡ്നമ്പർ | കെട്ടിടനമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച.മി) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച.മി) |
|---|---|---|---|---|---|---|
| 1 | 2 | 415 A | സന്തോഷ്കുമാർ കെ.എസ് | 59.99 | 50 | 70 |
| 2 | 2 | 415 b | സന്തോഷ്കുമാർ കെ.എസ് | 45.05 | 50 | |
| 3 | 2 | 415 c | സന്തോഷ്കുമാർ കെ.എസ് | 45.05 | 50 | |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി 20/2019തീയതി 25-11-2019 ലഭ്യമാക്കിയ മറുപടിയിൽ വസ്തുനികുതി നിർണ്ണയിച്ചതിലെ അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയടക്കം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-13 ഭൂവികസന പെർമിറ്റ് അനുവദിക്കുന്ന പ്ലോട്ടുകളിലെ തുടർനിർമ്മാണം - നിരീക്ഷണമില്ല

ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടനിർമ്മാണ പെർമിറ്റിനോടൊപ്പം ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ ഭൂവികസനം നടത്തിയതിനു ശേഷം കെട്ടിടനിർമ്മാണം നടത്തുന്നുണ്ടോയെന്നത് പരിശോധിക്കുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 12(1) പ്രകാരം ഭൂവികസന പെർമിറ്റുകൾ നേടി ഭൂനിരപ്പ് വരെ മണ്ണ് നീക്കം ചെയ്ത ശേഷം കെട്ടിട നിർമ്മാണം നടത്തുന്നില്ല. 2017-18 സാമ്പത്തിക വർഷം മുതൽ ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. (07/22.11.2019 നമ്പർ ഓഡിറ്റ് എൻക്വയറി യ്ക്ക് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ)

| സാമ്പത്തിക വർഷം | അനുവദിച്ച ഭൂവികസന പെർമിറ്റുകളുടെ എണ്ണം |
|---|---|
| 2017-18 | 8 |
| 2018-19 | 20 |
| ആകെ | 28 |

കെട്ടിട നിർമ്മാണത്തിന് മുന്നോടിയായി ഭൂവികസന പെർമിറ്റുകൾ അനുവദിച്ച പ്ലോട്ടുകളിൽ വളരെ കുറവ് പ്ലോട്ടുകളിൽ മാത്രമാണ് കെട്ടിടനിർമ്മാണം പൂർത്തിയായിട്ടുള്ളതെന്ന് വസ്തു നിർണ്ണയ രജിസ്റ്ററിൽ നിന്നും വ്യക്തമാണ്. പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ പല വ്യക്തികൾക്കും ഒരേ സർവ്വേ നമ്പരിൽ തന്നെ മൂന്നിലധികം ഡെവലപ്പ്മെന്റ് പെർമിറ്റുകൾ ഈ കാലയളവിൽ നൽകിയിട്ടുണ്ട്. ഭൂവികസന പെർമിറ്റിന്റെ മറവിൽ അനധികൃത മണ്ണു നീക്കം നടക്കുന്നുണ്ടോയെന്നത് പരിശോധിക്കുന്നതിന് ഒരു നിരീക്ഷണ സംവിധാനം രൂപീകരിക്കേണ്ടതും മേൽ പട്ടിക പ്രകാരം വസ്തുനികുതി നിർണ്ണയം നാളിതുവരെ നടത്തിയിട്ടില്ലാത്ത പ്ലോട്ടുകളിൽ പരിശോധന നടത്തേണ്ടതുമാണ്. ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധഈവിഷയത്തിലേക്ക്ക്ഷണിക്കുന്നു.

# 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ 5.4 ലക്ഷം രൂപ ഈടാക്കാൻ അവശേഷിക്കുന്നു

ഗ്രാമപ്പഞ്ചായത്ത് പരിധിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള മൊബൈൽടവറുകളുടെ വസ്തുനികുതി വർഷങ്ങളായി ഈടാക്കാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് വസ്തുനികുതി ചട്ടങ്ങൾ 01.04.2011 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ജി.ഒ.(ആർ.റ്റി)നം.19/2011/തസ്വഭവ, തീയതി 14.01.2011 നമ്പർ ഉത്തരവ് പ്രകാരം മൊബൈൽടവറുകൾക്ക് ബാധകമായ കുറഞ്ഞ വസ്തുനികുതി ച.മീറ്ററിന് 400 രൂപയും കൂടിയ വസ്തുനികുതി 500 രൂപയുമാണ്. ഇതനുസരിച്ച് ച.മീറ്ററിന് 500 രൂപ നിരക്കിൽ ടവറുകളുടെ വസ്തുനികുതി പഞ്ചായത്ത് നിർണ്ണയിച്ചിട്ടുണ്ടെങ്കിലും എല്ലാ ടവർ ഉടമകളിൽ നിന്നും നാളിതുവരെ നികുതി ഈടാക്കിയിട്ടില്ല. വസ്തുനികുതി ഈടാക്കുവാൻ അവശേഷിക്കുന്ന ടവറുകളുടെയും അവയിൽനിന്ന് ഈടാക്കുവാനുള്ള നികുതി കുടിശ്ശികയുടെയും വിവരം ചുവടെ ചേർക്കുന്നു

| ക്രമ നം | മൊബൈൽടവറുകളുടെ വിശദാംശം | വർഡ്നമ്പർ/ കെട്ടിടനമ്പർ | പ്ലിന്ത് ഏരിയ ($m^2$) | നികുതി തുക | 01.04.12 മുതലുള്ള കുടിശ്ശിക(പിഴ പലിശ ഉൾപ്പടെ) |
|---|---|---|---|---|---|
| 1 | വോഡഫോൺ | 2/61 | 105 | 40426 | 242556 |
| 2 | റിലയൻസ് കമ്മ്യൂണിക്കേഷൻ | 7/275 | 42 | 20790 | 145530 |

| | | | | | |
|---|---|---|---|---|---|
| 3 | ബി.എസ്.എൻ.എൽ സബ് ഡിവിഷണൽ ഓഫീസർ | 8/247a | 27 | 14850 | 103950 |
| 4 | ബി.എസ്.എൻ.എൽ സബ് ഡിവിഷണൽ ഓഫീസർ | 12/379 | 21 | 6930 | 48510 |
| | | | | ആകെ | 540546 |

കുടിശ്ശിക തുക പൂർണ്ണമായി പിരിച്ചെടുക്കുന്നതിനായി നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 വാടകക്കാരുമായി കൃത്യമായ കരാർ ചമയ്ക്കുന്നില്ല

പഞ്ചായത്ത് കടമ്മനിട്ട മാർക്കറ്റിലെ കടമുറികൾ കൃത്യമായ കരാർ ചമയ്ക്കാതെയാണ് വാടകയ്ക്ക് നൽകിയിരിക്കുന്നത്. വാടകക്കാരുമായി മുദ്രപത്രത്തിൽ ഉടമ്പടി ചമയ്ക്കാതിരിയ്ക്കുന്നത് ഗുരുതരമായ അപാകതയാണ്. പഞ്ചായത്തുമായി കരാറിൽ ഏർപ്പെടുന്നതിൽ 1996-ലെ പഞ്ചായത്ത് രാജ് (കരാർ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതും കരാറുകാരെക്കൊണ്ട് നിയമപ്രകാരമുള്ള വ്യവസ്ഥകൾ എഴുതി ഒപ്പ് വയ്ക്കേണ്ടതും ആയതിന് സാക്ഷികൾ കൂടി ഒപ്പ് വച്ചിരിക്കേണ്ടതുമാണ്. സെക്രട്ടറിയും ഒപ്പ് വച്ചശേഷം ഇത് എഗ്രിമെന്റ് രജിസ്റ്ററിൽ ചേർത്ത് നമ്പരിട്ട് സൂക്ഷിക്കണം. കരാറിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ ഇതാവശ്യമാണ്. വ്യവസ്ഥകളെഴുതി ഒപ്പിടാതെയും, സാക്ഷ്യപ്പെടുത്താതെയും മുദ്രപത്രം വാങ്ങി സൂക്ഷിക്കുന്ന പ്രവണത തീർത്തും ഒഴിവാക്കണം. ഇക്കാര്യത്തിലുള്ള വീഴ്ചകൾ മൂലം പഞ്ചായത്ത് ഫണ്ടിനുണ്ടാകുന്ന നഷ്ടം വിഷയം കൈകാര്യം ചെയ്ത ജീവനക്കാരിൽ നിന്നും മേൽ നോട്ടം വഹിച്ച സൂപ്രണ്ട്/ഹെഡ് ക്ലാർക്ക്, സെക്രട്ടറി ഇവരിൽ നിന്നും ആനുപാതികമായി ഈടാക്കുന്നതാണ്. ഈ കാലയളവിൽ കെട്ടിടത്തിനുണ്ടാകുന്ന കേടുപാടുകൾക്കോ, വാടക അടവാക്കുന്നതിലുള്ള വീഴ്ചയ്ക്കോ അവരിൽ നിന്ന് പിഴ ഈടാക്കാൻ കഴിയാതെ വരുകയും ഈ ബാദ്ധ്യത ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കിന്റെയും മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥരുടേയും ബാധ്യതയാവുന്നതാണ്.

## 1-16 ഉപയോഗിക്കാത്ത് രസീതുകൾ ക്രമപ്രകാരം റദ്ദ് ചെയ്യുന്നില്ല

2018-19 വർഷം ഔട്ട് ഡോർ കളക്ഷനായി ഉപയോഗിച്ച രസീത് ബുക്കുകളിലെ അവശേഷിച്ച രസീതുകൾ റദ്ദ് ചെയ്തില്ല. 38512,38511,31253,31252,31255,31254,38516 നമ്പർ രസീത് ബുക്കുകളിലാണ് ഈ അപാകത ശ്രദ്ധയിൽപെട്ടത്. വിതരണം ചെയ്തിട്ടുള്ള രസീത് ബുക്കുകളിലെ ഉപയോഗിക്കാൻ ബാക്കിയുള്ള രസീതുകൾ (മറ്റ് നിർവ്വഹണോദ്യോഗസ്ഥർക്ക് നൽകിയതുൾപ്പെടെയുള്ള) സാമ്പത്തിക വർഷം പൂർത്തിയാകുന്ന മുറയ്ക്ക് ക്രമപ്രകാരം ക്യാൻസൽ ചെയ്ത് സൂക്ഷിക്കേണ്ടതും, പ്രിന്റർ തകരാർ മൂലമോ മറ്റ് കാരണങ്ങൾ മൂലമോ സാംഖ്യാ രസീതുകൾ ക്യാൻസൽ ചെയ്യുന്ന സന്ദർഭങ്ങളിൽ അതാത് ദിവസം തന്നെ അവ പുനർ ഉപയോഗം സാധ്യമാകാത്ത രീതിയിൽ മാനവൽ ആയി ക്യാൻസൽ ചെയ്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-17 ഫാക്ടറികൾക്കും,വ്യാപാരങ്ങൾക്കും,സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നല്കൽ- അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും) ലൈസൻസ് നൽകൽ ചട്ടങ്ങൾക്ക് 31.10.2017- ലെ G.O.(P) No.80/2017/LSGD നമ്പർ

ഉത്തരവ് പ്രകാരം സർക്കാർ ഭേദഗതി വരുത്തിയിരുന്നു. ഈ ഉത്തരവ് പ്രകാരം വിവിധ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കാവുന്ന പരമാവധി ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത് സ്ഥാപനത്തിന്റെ മൂലധനത്തിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ 2018-19 സമ്പത്തികവർഷം ലൈസൻസ് നൽകിയിരിക്കുന്നത് ഭേദഗതിക്ക് മുമ്പുള്ള ചട്ടങ്ങൾ പ്രകാരം പ്രതിദിനവരുമാനത്തിനെ അടിസ്ഥാനമാക്കിയുള്ള ലൈസൻസ് ഫീസ് ഈടാക്കിക്കൊണ്ടാണ്. ഈ രീതിയിൽ നികുതി നിശ്ചയിക്കുന്നത് പഞ്ചയത്ത് ഫണ്ടിന് നഷ്ടം സംഭവിക്കുന്നതിന് ഇടയാക്കുന്നു. അപാകതകൾ പരിഹരിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-18 വൃദ്ധർക്കുള്ള പകൽ വീട് നിലവിൽ മാലിന്യ ശേഖരണ കേന്ദ്രം

2016-17-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കടമ്മനിട്ട മാർക്കറ്റിൽ 2.7 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തിയാക്കിയ വൃദ്ധ ജനങ്ങൾക്കുള്ള പകൽ വീട് ഉപയോഗ ശൂന്യമയി കിടക്കുന്നു. നിലവിൽ ഹരിത കർമ്മ സേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സൂക്ഷിക്കുന്നതിനാണ് കെട്ടിടം ഉപയോഗിക്കുന്നത്.

പ്രത്യേക പരിഗണന അർഹിക്കുന്ന വിഭാഗങ്ങൾക്ക് നിർബന്ധമായും വകയിരുത്തേണ്ടതായ 5% പദ്ധതി തുകയിൽനിന്നാണ് ഈ പ്രോജക്ടിന് തുക ചെലവഴിച്ചിട്ടുള്ളത്. വൃദ്ധ ജനങ്ങളുടെ ക്ഷേമം മുൻനിർത്തി പകൽ വീട് നിർമ്മിക്കുന്നതിന് പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും 300000 രൂപ വകയിരുത്തിയാണ് പ്രോജക്ട് ആവിഷ്കരിച്ചത്. ഗുണഭോക്തൃസമിതി മുഖാന്തിരമാണ് പ്രവൃത്തി നടത്തിയിട്ടുള്ളത്. 28.03.17-ൽ എഗ്രിമെന്റ് വെച്ച ഈ പ്രവൃത്തി 30.10.17-ൽ പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും കൺവീനർക്ക് ഫൈനൽ പേയ്മെന്റ് നൽകിയിരിക്കുന്നത് 25.05.2018-ലാണ്. ഫൈനൽ ബിൽ പ്രകാരം കൺവീനർ ശ്രീ. വിജയൻ ആചാരി 266873 രൂപയുടെ പ്രവൃത്തി നടത്തി.

പകൽ വീട് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകതയുണ്ട്. കെട്ടിട നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ആ കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ എല്ലാ ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തണമെന്ന് സർക്കാർ നിഷ്കർഷിച്ചിരുന്നു. എന്നാൽ ഈ കെട്ടിടത്തിനുള്ള എസ്റ്റിമേറ്റിൽ ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ്, ടോയ്ലറ്റ് തുടങ്ങി കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ പ്രവൃത്തി ഇനങ്ങൾ ഒന്നും തന്നെ ഉൾപ്പെടുത്തിയിരുന്നില്ല. മാത്രവുമല്ല 25.05.2018-ൽ നിർമ്മാണം പൂർത്തിയാക്കിയ ഈ കെട്ടിടത്തിൽ പകൽ വീട് ആരംഭിക്കുന്നതിനാവശ്യമായ തുടർ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. പകരം ഈ കെട്ടിടം ഹരിത കർമ്മ സേനയുടെ പ്ലാസ്റ്റിക് മാലിന്യ ശേഖരണ കേന്ദ്രമാക്കി മാറ്റുകയാണ് ചെയ്തിരിക്കുന്നത്.

വൃദ്ധജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പദ്ധതി പണം ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം ഇതര ആവശ്യത്തിനായി ഉപയോഗപ്പെടുത്തുന്നത് ക്രമവിരുദ്ധമായ നടപടിയാണ്. നിർബന്ധിത വകയിരുത്തൽ ആവശ്യമായ മേഖലകളിൽ ലക്ഷ്യബോധമില്ലാതെ പദ്ധതി പണം എങ്ങിനെയും ചെലവഴിക്കുക എന്ന ലക്ഷ്യത്തോട് പ്രോജക്ടുകൾ നടപ്പിലാക്കുന്ന പ്രവണതയാണ് ഇത് സൂചിപ്പിക്കുന്നത്.

പ്രോജക്ടിൽ വിഭാവനം ചെയ്ത പ്രകാരം കെട്ടിടം ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

# 1-19 പദ്ധതി പ്രവർത്തനങ്ങൾക്ക് വകയിരുത്തുന്ന ഫണ്ട്

# പൂർണ്ണമായി വിനിയോഗിക്കുന്നില്ല

i.വിനിയോഗത്തിലെ കുറവ് - പഞ്ചായത്തിന് 81.66 ലക്ഷം രൂപ നഷ്ടമായി

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും അവ സമയബന്ധിതമായി നടപ്പിലാക്കുന്നതിലും ഉണ്ടായ വീഴ്ച മൂലം 2018-19 സാമ്പത്തിക വർഷം 8165904 രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടപ്പെട്ടു. സാമ്പത്തിക വർഷാവസാനം ചെലവഴിക്കാതെ അവശേഷിച്ച തുകയാണ് ഇപ്രകാരം നഷ്ടമായത് വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | സംസ്ഥാന ബഡ്ജറ്റ് അനുബന്ധം 4 പ്രകാരം സർക്കാർ അനുവദിച്ച തുക | തൻവർഷം ചെലവഴിച്ച തുക | ലാപ്സായ തുകയ |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 11568000 | 10593296 | 974704 |
| വികസന ഫണ്ട് - എസ്.സി.പി | 4189000 | 2627383 | 1561617 |
| വികസന ഫണ്ട് - റ്റി.എസ്.പി | 320000 | 174266 | 145734 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 5369000 | 4230344 | 1138656 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 8031000 | 3903943 | 4127057 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 2780000 | 2561864 | 218136 |
| **ആകെ** | | | **8165904** |

തൻവർഷം ആവിഷ്കരിച്ച 196 പ്രോജക്ടുകളിൽ 132 പ്രോജക്ടുകൾ മാത്രമാണ് പൂർത്തിയാക്കിയത്. നിർമ്മാണം പൂർത്തിയാക്കിയ 17 മരാമത്ത് പ്രവൃത്തികളുടെ ബില്ലുകൾ മാർച്ച് മാസം 28 തീയതിയാണ് ട്രഷറിയിൽ സമർപ്പിച്ചത്. സാമ്പത്തിക വർഷാന്ത്യത്തിൽ സമർപ്പിക്കപ്പെട്ട ഈ ബില്ലുകൾ ട്രഷറിയിൽ ക്യൂവിലായതു കാരണം 29 ലക്ഷം രൂപ ചെലവഴിക്കപ്പെടാതെ പഞ്ചായത്തിന് നഷ്ടമായി. പ്രോജക്ടുകളുടെ നിർവ്വഹണം, പ്രത്യേകിച്ച് മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം, സാമ്പത്തിക വർഷാന്ത്യത്തിലേക്ക് വലിച്ചിഴയ്ക്കുകയും തിരക്കിട്ട് പദ്ധതി പണം ചെലവഴിക്കുകയും ചെയ്യുന്ന പ്രവണതയാണ് ഇത് സൂചിപ്പിക്കുന്നത്.

ഒരോ സാമ്പത്തിക വർഷവും പഞ്ചായത്ത് നൂറുകണക്കിന് പ്രോജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഈ ശോച്യാവസ്ഥയ്ക്ക് കാരണം. വാർഷിക പദ്ധതിയിൽ വകയിരുത്തുന്ന തുക പഞ്ചായത്ത് അംഗങ്ങളുടെ എണ്ണത്തിനനുസരിച്ച് വീതിച്ചെടുത്ത് ഓരോ വാർഡിലും ആവശ്യമുണ്ടെങ്കിലും ഇല്ലെങ്കിലും പദ്ധതികൾ ഏറ്റെടുക്കുന്നതാണ് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് കാരണം. ഗ്രാമസഭകളിൽ പങ്കാളിത്തം കുറവാണെന്നുമാത്രമല്ല ഈ പദ്ധതികളുടെ ആവശ്യകതയെക്കുറിച്ച് പ്രസക്തമായ ചർച്ചകളും നടക്കുന്നില്ല. സമഗ്രമായ വികസന ആവശ്യങ്ങൾക്കല്ലാതെ വാർഡ് പ്രാതിനിധ്യത്തിന്റെ പേരിൽ മാത്രം പദ്ധതികൾ ആസൂത്രണം ചെയ്യുകയാണ് ഉണ്ടായത്. അടിത്തട്ടിലെ വികസനത്തിനായി സർക്കാർ നീക്കിവയ്ക്കുന്ന തുകയാണ് ഇപ്രകാരം ഫലക്ഷമതയില്ലാത്ത പദ്ധതികൾക്കായി പഞ്ചായത്ത് നേരിയ തോതിൽ

വിന്യസിക്കുന്നത്. പദ്ധതി പണം നാടിന്റെ വികസനാവശ്യങ്ങൾ പരിഹരിക്കുന്നതിനും ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്ന തരത്തിൽ വിനിയോഗിക്കുന്നതിന് പഞ്ചായത്തിന്റെ ആസൂത്രണ പ്രക്രിയയിൽ കാതലായ മാറ്റം കൊണ്ടുവരുന്നതിന് പഞ്ചായത്ത് ഭരണസമിതി തയ്യാറാകേണ്ടതാണ്.

ii. അസിസ്റ്റന്റ് സെക്രട്ടറി 842514 രൂപയുടെ പ്രോജക്ടുകൾ നടപ്പാക്കിയില്ല.

2018-19 സാമ്പത്തിക വർഷം അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 15 പ്രോജക്ടുകളാണ് ആവിഷ്കരിച്ചത്. പൊതു വിഭാഗത്തിൽ 4 പ്രോജക്ടുകളും എസ്.സി വിഭാഗത്തിൽ 9പ്രോജക്ടുകളും എസ്.റ്റി വിഭാഗത്തിൽ 2 പ്രോജക്ടുമാണ് ഉണ്ടായിരുന്നത്. 1966000 രൂപ വികസന ഫണ്ടിനത്തിൽ വകയിരുത്തിയിരുന്നുവെങ്കിലും 1123486 രൂപയാണ് ചെലവഴിച്ചത്. 57.15% മാത്രമാണ് ചെലവ്. 15 പ്രോജക്ടുകളിൽ 8 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലായത്. 842514 രൂപ ചെലവഴിക്കാതെ ലാപ്സായി. എസ്.സി , എസ്.ടി വിഭാഗത്തിൽ തുക പൂർണ്ണമായും ചെലവഴിക്കാത്ത ഏതാനും പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ പേരും നമ്പരും | വിഭാഗം | വകയിരുത്തിയ തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | വനിതാ യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ നൽകൽ (35/18-19) | എസ്.സി | 160000 | 3 |
| 2 | തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ (73/18-19) | എസ്.സി | 20000 | 45 |
| 3 | ഗാർഹിക കുടിവെള്ള കണക്ഷന് സബ്സിഡി (74/18-19) | എസ്.സി | 50000 | 37 |
| 4 | മഹാണിമല ഗിരിജൻ കോളനി കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (220/18-19) | എസ്.റ്റി | 500000 | - |

മുകളിൽ ചൂണ്ടിക്കാട്ടിയ പ്രോജക്ടുകളിൽ അർഹരായ ഗുണഭോക്താക്കളെ ഗ്രാമസഭ വഴി തെരഞ്ഞെടുത്തുവെങ്കിലും പദ്ധതികൾ നടപ്പിലായില്ല. ടി വിഷയത്തിൽ ആവശ്യമായ വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം-13/19 തീയതി 23-11-2019) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ആവശ്യമായ ഫണ്ടുണ്ടായിട്ടും പ്രോജക്ടുകൾ നടപ്പിലാകാത്തത് മൂലം പദ്ധതിപ്പണം ലാപ്സാവുന്ന പ്രവണത ഒഴിവാക്കപ്പെടേണ്ടതാണ്. പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ അതാത് സാമ്പത്തിക വർഷം തന്നെ പ്രോജക്ട് ഭേദഗതി ചെയ്ത് പദ്ധതിപ്പണം പൂർണ്ണമായി ചെലവഴിക്കേണ്ടതാണ്. ടി വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-20 മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണം - അപാകതകൾ

2018-19 വർഷം അസി.എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കാതെ ഫണ്ട് ലാപ്സാക്കുന്നു

അസി. എഞ്ചിനീയറുടെ നിർവ്വഹണ ചുമതലയിൽ 2018-19 വർഷം 2.84 കോടി രൂപ അടങ്കലുള്ള 126 പ്രോജക്ടുകളായിരുന്നു ഉണ്ടായിരുന്നത്. ഇവയിൽ 43 പ്രവൃത്തികൾ സ്പിൽ ഓവറും 83 എണ്ണം പുതിയ പ്രവൃത്തികളുമായിരുന്നു. ഏറ്റെടുത്ത പ്രവൃത്തികളിൽ 77എണ്ണം പൂർത്തീകരിച്ചുവെങ്കിലും 60 പ്രവൃത്തികളുടെ ബിൽ മാത്രമേ ട്രഷറിയിൽ സമയബന്ധിതമായി സമർപ്പിച്ച് തുക ചെലവഴിച്ചിട്ടുള്ളൂ. 28-03-19-നുശേഷം സമർപ്പിച്ച 17 ബില്ലുകൾ ട്രഷറിയിൽ ക്യൂവിൽ ആയി. 49 പ്രവൃത്തികൾ തൻവർഷം നടപ്പിലായില്ല. ഏറ്റെടുത്ത പ്രവൃത്തികളിൽ 61 ശതമാനം മാത്രമാണ് നടപ്പിലാക്കാൻ സാധിച്ചിട്ടുള്ളത്. മരാമത്ത് പ്രവൃത്തികൾക്ക് വകയിരുത്തിയ തുകയിൽ 59% ഫണ്ടും ചെലവഴിക്കാതെ ലാപ്സാക്കി. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്ടുകളുടെ എണ്ണം | | | ആകെ അടങ്കൽ | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | | | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|---|---|
| സ്പിൽ ഓവർ | പുതിയത് | ആകെ | | സ്പിൽ ഓവർ | പുതിയത് | ആകെ | | |
| 43 | 83 | 126 | 28430459 | 26 | 51 | 77 | 11525969 | 41% |

പശ്ചാത്തല മേഖലയിൽ, പ്രത്യേകിച്ചും റോഡ് പുനരുദ്ധാരണത്തിന് ആവിഷ്കരിച്ച ഭൂരിപക്ഷം പ്രോജക്ടുകളുടെയും അടങ്കൽ 5 ലക്ഷം രൂപയിൽ കുറവായിരുന്നു. കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം മരാമത്ത് പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതുമൂലം ഭൂരിഭാഗം പ്രവൃത്തികളും സമയബന്ധിതമായി നിർവ്വഹിക്കാൻ കഴിയാതെ സ്പിൽ ഓവറാവുന്ന സ്ഥിതിവിശേഷമാണ് കാണാൻ കഴിഞ്ഞത്. ചെറിയ അടങ്കലുള്ള മരാമത്ത് പ്രോജക്ടുകളുടെ എണ്ണം പരമാവധി കുറച്ച്, കൂടുതൽ ജനങ്ങൾക്കും, കൂടുതൽ പ്രദേശങ്ങൾക്കും പ്രയോജനപ്പെടുന്ന സമഗ്ര പ്രോജക്ടുകൾ ആവിഷ്കരിക്കുന്നതിന് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

(2) പശ്ചാത്തല മേഖലയിൽ ഫലക്ഷമതയില്ലാത്ത പദ്ധതികൾ നടപ്പിലാക്കുന്നു; ടെണ്ടർ നടപടികളിൽ സുതാര്യതയില്ല

ഓഡിറ്റ് വർഷം റോഡ് നിർമ്മാണത്തിനായി 57 പുതിയ പ്രോജക്ടുകളാണ് ആവിഷ്കരിച്ചിരുന്നത്. ഇവയിൽ 5 ലക്ഷത്തിനുമേൽ അടങ്കലുണ്ടായിരുന്ന ഒരു പ്രോജക്ടുപോലും ഉണ്ടായിരുന്നില്ല. ഭൂരിപക്ഷം പ്രോജക്ടുകളും 50 മീറ്ററിൽ താഴെ നീളത്തിൽ കോൺക്രീറ്റിംഗ് നടത്തുന്നതിനുള്ളവയായിരുന്നു. ഗതാഗത മേഖലയിൽ ചെറിയ അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ആവിഷ്കരിച്ചതിലൂടെ ഇവ ഇ-ടെണ്ടറിന്റെ പരിധിയിൽനിന്നും ഒഴിവായി. തൽഫലമായി മത്സര സ്വഭാവമുള്ള ടെണ്ടറുകൾ ലഭിക്കുന്നതിനുള്ള സാധ്യത ഇല്ലാതാവുകയും, മൂന്ന് വ്യക്തികൾ അന്യായമായി കരാറുകൾ സ്വന്തമാക്കുന്ന സ്ഥിതി ഉണ്ടാകുകയും ചെയ്തു. ടെണ്ടർ സേവിംഗ്സ് ഇനത്തിൽ പഞ്ചായത്തിന് ലഭിക്കുമായിരുന്ന ലക്ഷക്കണക്കിന് രൂപയാണ് ഇതിനാൽ നഷ്ടമായത്.

(3) സ്പിൽ ഓവർ പ്രോജക്ടുകൾ നടപ്പിലാക്കിയില്ല

സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം ഒരു സ്പിൽഓവർ പ്രോജക്ട് സ്പിൽ ഓവർ ആയ വർഷം തന്നെ നിർബന്ധമായും പൂർത്തിയാക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് വർഷം വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന 43 സ്പിൽഓവർ പദ്ധതികളിൽ 29.17 രൂപ അടങ്കലുള്ള17 പ്രോജക്ടുകൾ തൻവർഷം പൂർത്തിയാക്കി ഫൈനൽ പേയ്മെന്റ് നൽകിയിട്ടില്ല.

ടി അപാകതകൾ പഞ്ചായത്ത് ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനാവശ്യമായ നടപടികൾ ബന്ധപ്പെട്ടവർ സ്വീകരിക്കേണ്ടതാണ്.

4.അസി. എഞ്ചിനീയർ രേഖകളും, രജിസ്റ്ററുകളും സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തി

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ ഫയലുകളും, അനുബന്ധ രേഖകളും പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പ്രവൃത്തികളുടെ അംഗീകരിച്ച എസ്റ്റിമേറ്റ് എല്ലാ ഫയലിലും സൂക്ഷിച്ചിട്ടില്ല (ഉദ: പ്രോ.നം.117/19, 143/19, 153/19, 166/19, 183/19, 187/19)
2. എസ്റ്റിമേറ്റുകളോടൊപ്പം, എസ്റ്റിമേറ്റ് റിപ്പോർട്ടും, ലൊക്കേഷൻ സ്കെച്ചും സൂക്ഷിച്ചിട്ടില്ല.
3. എസ്റ്റിമേറ്റുകളുടെ TS slip-കൾ എല്ലാ ഫയലിലും സൂക്ഷിച്ചില്ല (232/19, 246/19)
4. എഗ്രിമെന്റ് രജിസ്റ്ററിലും, കരാറിലും കരാർ കാലയളവ് രേഖപ്പെടുത്തുന്നില്ല (Agreed date of completion).
5. കരാറുകാർ പെർഫോർമൻസ് സെക്യൂരിറ്റിയായി ഹാജരാക്കുന്ന സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകൾ സുരക്ഷിതമായി സൂക്ഷിക്കാതെ അലക്ഷ്യമായി ഫയലിൽ സൂക്ഷിക്കുന്നു.
6. സ്ഥിരനിക്ഷേപ സർട്ടിഫിക്കേറ്റുകൾ മടക്കി നൽകുമ്പോൾ സെക്യൂരിറ്റി രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുകയോ, കരാറുകാരുടെ കൈയ്യൊപ്പ് പതിപ്പിക്കുകയോ ചെയ്യുന്നില്ല.
7. ടെണ്ടർ ഫാറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
8. സെക്യൂരിറ്റി ഡെപ്പോസിറ്റായി സ്വീകരിക്കുന്ന ബാങ്ക്/ട്രഷറി സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സെക്യൂരിറ്റി രജിസ്റ്ററുമായി ഒത്തുനോക്കാൻ കഴിയുന്നവിധം ക്രമത്തിൽ നമ്പരിട്ട് സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ സ്ഥിര നിക്ഷേപ സർട്ടിഫിക്കറ്റുകളുടെ സ്വീകരണവും, മടക്കിനൽകലും നിരീക്ഷിക്കുന്നതിന് സാധിക്കുന്നില്ല. പ്രവൃത്തികളുടെ സംരക്ഷണ കാലയളവ് പൂർത്തിയാകുന്നതിനുമുമ്പായി സെക്യൂരിറ്റികൾ മടക്കി നൽകുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് ഇതിനാൽ സാധ്യമല്ല.
9. പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, പ്രോജക്ട് മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവ മിക്ക ഫയലിലും ലഭ്യമാക്കിയിട്ടില്ല. (ഉദ: 82/19, 112/19, 113/19, 117/19)
10. എഗ്രിമെന്റുകൾക്കൊപ്പം എഗ്രിമെന്റ് ഷെഡ്യൂൾ ഹാജരാക്കിയിട്ടില്ല.
11. എഗ്രിമെന്റ് പൂർണ്ണമായി പൂരിപ്പിച്ച് കരാറുകാരനും, എഞ്ചിനീയറും, സാക്ഷികളും ഒപ്പ് വച്ച് ആധികാരികമാക്കുന്നില്ല.
12. പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വലിലെ വ്യവസ്ഥകൾക്കനുസൃതമായി കരാർ പത്രം പരിഷ്കരിച്ചിട്ടില്ല.
13. അളവ് പുസ്തകങ്ങളിൽ പ്രവൃത്തിക്ക് ഉപയോഗിക്കുന്ന സിമിന്റ്, കമ്പി, ബിറ്റുമിൻ എന്നിവയുടെ അളവ് രേഖപ്പെടുത്തുന്നില്ല.
14. എം.ബുക്കിൽ കരാറുകാരൻ അളവുകൾ സമ്മതിച്ച് കൈയ്യൊപ്പ് ഇടുന്നില്ല.
15. ക്യാഷ് ബുക്ക് നിശ്ചിത മാതൃകയിൽ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല (നിർവ്വഹണ ഉദ്യോഗസ്ഥർ TR7A മാതൃകയിൽ ക്യാഷ് ബുക്ക് സൂക്ഷിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു.)
16. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല.
17. വർക്ക് ബിൽ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിലെ അലംഭാവം ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-21 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചില്ല.

2018-19 സാമ്പത്തിക വർഷം ചുവടെ പറയുന്ന 4 പ്രവൃത്തികൾക്ക് 400000 രൂപ ഡെപ്പോസിറ്റ് ചെയ്തിരുന്നു. നിർവ്വഹണ സ്ഥാപനവുമായി എഗ്രിമെന്റ് ചമച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. എഗ്രിമെന്റിൽ എഗ്രിമെന്റ് നമ്പർ, പൂർത്തീകരിക്കുന്ന തീയതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് മുമ്പായി പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുള്ളതുമാണ്. പ്രസ്തുത സാഹചര്യത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികളുമായി ബന്ധപ്പെട്ട തുകകൾ വർഷാരംഭത്തിൽ തന്നെ അടവാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ നമ്പരും പേരും | തുക/ബിൽ നം | നിർവ്വഹണ സ്ഥാപനം |
|---|---|---|---|
| 1 | കാഞ്ഞിരത്തോട്ടിൽ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (31/19) | 150000<br>ബിൽ നം-7/19 തീ 28-09-2018 | കേരള വാട്ടർ അതോറിറ്റി<br>പി.എച്ച് ഡിവിഷൻ<br>പത്തനംതിട്ട |
| 2 | വിലങ്ങുപാറ എസ്.സി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (209/19) | 50000<br>ബിൽ നം-9/19 തീ 28-09-2018 | ” |
| 3 | ചിറയത്തുകോളനി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (33/19) | 100000<br>ബിൽ നം-8/19 തീ 28-09-2018 | ” |
| 4 | അമപ്പാറ-ചാത്തുകാവ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (33/19) | 100000<br>ബിൽ നം-6/19 തീ 28-09-2018 | ” |

ഓഡിറ്റ് സമയത്തും ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ ഫൈനൽ ബിൽ, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കേണ്ടതാണ്.

## 1-22 ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ലോഗ്ബുക്ക് കൃത്യമായി സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ ഓരോ വാഹനത്തിനും നിശ്ചിത ഫാറത്തിലുള്ള ലോഗ് ബുക്ക് സൂക്ഷിക്കേണ്ടതും ആയത് കസ്റ്റോഡിയൻ ഓഫീസർ (ഗ്രാമപഞ്ചായത്ത് സെക്രട്ടറി) വാഹനത്തിന്റെ ഡ്രൈവറെ ഏൽപ്പിക്കേണ്ടതും ഓരോ യാത്രയും ഡ്രൈവർ യഥാസമയം ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതും ആയത് യാത്ര ചെയ്ത ആളോ, ആളുകളോ സാക്ഷ്യപ്പെടുത്തേണ്ടതുമാണെന്ന് തദ്ദേശ സ്വയം ഭരണ വകുപ്പ് (എ.ബി) സെക്രട്ടറി 30-06-2007-ലെ (എം.എസ്) നം.170/07/ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ വാഹനത്തിന്റെ (മഹേന്ദ്രാ ബൊലേറോ ജീപ്പ് - നം-KL 03 R-492) ലോഗ് ബുക്കിന്റെ പരിപാലനം തൃപ്തികരമല്ല. ഓരോ യാത്രയും, യാത്ര ചെയ്യുന്ന ഉദ്യോഗസ്ഥർ/ജനപ്രതിനിധികൾ സാക്ഷ്യപ്പെടുത്തുന്നില്ല. ഉപയോഗിക്കുന്ന ഇന്ധനത്തിന്റെ വിശദാംശങ്ങൾ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഓരൊ മാസാന്ത്യവും യാത്രയുടെ ദൂരം, ഇന്ധനത്തിന്റെ ഉപഭോഗം എന്നിവ ഉൾപ്പെടുത്തി മാസാന്ത്യ ക്ലോസിംഗ് രേഖപ്പെടുത്തി ഗ്രാമപഞ്ചായത്ത്

സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. കൂടാതെ ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധിച്ച് സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും ഇന്ധന ഉപയോഗം സംബന്ധിച്ച ഒരു സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഇന്ധനക്ഷമത പരിശോധിച്ചിട്ടില്ല.

മുകളിൽ ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിക്കേണ്ടതാണ്. ടി വിഷയം ഭരണസമിതിയുടെയും ഭരണവകുപ്പിന്റെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-23 ലൈബ്രറി സെസ് തുക അടവാക്കിയില്ല

ലൈബ്രറി സെസ് ഇനത്തിൽ പിരിച്ചെടുക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിൽ അടവാക്കേണ്ടതാണെന്നും, ഇതിൽ ആദ്യ ഗഡു ഏപ്രിൽ 30-നകവും രണ്ടാം ഗഡും നവംബർ -30 നകവും ഈടാക്കേണ്ടതാണെന്നും ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം അത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ഈ കാലയളവിലെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്നും ഈടാക്കുന്നതാണെന്നും സർക്കുലർ നം-10088/എൽ..3/05/ ത.സ്വ.ഭ.വ തീയതി 30.09.2005 പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 25-11-2019-ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-9 പ്രകാരം ലൈബ്രറി സെസ് ഇനത്തിൽ 165345.10 രൂപ അടവാക്കാൻ അവശേഷിക്കുന്നു. ഇതിൽ 91153 രൂപ 2018-19 രണ്ടാം അർദ്ധവർഷത്തെ തുകയാണ്. പ്രസ്തുത തുക മേൽ സർക്കുലർ പ്രകാരം 2019 ഏപ്രിൽ 30-നകം അടവാക്കേണ്ടതായിരുന്നു. കൂടാതെ 2019-20 ആദ്യ അർദ്ധവർഷത്തെയും തുക അടവാക്കാൻ അവശേഷിക്കുന്നു. അടവാക്കാൻ അവശേഷിക്കുന്ന ലൈബ്രറി സെസ്സ് തുക ഒടുക്കി, വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-24 പൊതുടാപ്പുകളുടെ വെള്ളക്കരം-തനത് ഫണ്ട് ചോർത്തുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് ചോർത്തുന്ന ഒരു പ്രധാന ഇനമാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. 215 (2019 ജനവരി മുതൽ 216) പൊതുടാപ്പുകൾക്ക് പ്രതിമാസം 94063 രൂപയാണ് ഈ ഇനത്തിൽ ചെലവ്.

2018-19 സാമ്പത്തിക വർഷം വെള്ളക്കരത്തിന് ചെലവഴിച്ചത് പന്ത്രണ്ട് ലക്ഷത്തോളം രൂപയാണ്. ഇത്രയും വലിയ തുക വർഷംതോറും ചെലവഴിക്കുന്നതെങ്കിലും ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന വിവരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും പരിശോധിക്കുന്നില്ല.

വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം 190 ആയി കണക്കാക്കിയിട്ടുണ്ടെന്നാണ് എക്സിറ്റ് മീറ്റിംഗിൽ ഗ്രാമപഞ്ചായത്തധികൃതർ അറിയിച്ചത്. എന്നാൽ ഓഡിറ്റ് വേളയിലും 216 ടാപ്പുകളുടെ വെള്ളക്കരമാണ് അടവാക്കി വരുന്നത്. ടി വിഷയത്തിൽ ഭരണസമിതി അടിയന്തിരമായി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ പൊതുടാപ്പുകൾ ഒഴിവാക്കുന്നതിന് ഗാർഹിക കണക്ഷൻ നൽകുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കണമെന്ന് പതിമൂന്നാം പദ്ധതി മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ചിട്ടുള്ളത്. ഇത് പ്രകാരം ഗാർഹിക കണക്ഷൻ നൽകുന്നതിനായി 2018-19 സാമ്പത്തിക വർഷം 50000 രൂപ വകയിരുത്തി പ്രോജക്ട് ഏറ്റെടുത്തുവെങ്കിലും നടപ്പിലായില്ല. 37 ഗുണഭോക്താക്കളാണ് ടി പ്രോജക്ടിൽ ഉണ്ടായിരുന്നത്. തനത് ഫണ്ട് ബാധ്യത കുറയ്ക്കാൻ കഴിയുന്ന ഇത്തരം പ്രോജക്ടുകൾ നടപ്പിലാക്കാതിരിക്കുന്നത് അഭിലഷണീയമല്ല. ടി വിഷയത്തിൽ ഭരണസമിതിയുടെ ക്രിയാത്മകമായ ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

## 1-25 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ധനകാര്യ കമ്മീഷൻ ഗ്രാന്റ് റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് വിനിയോഗിച്ചു

മാർഗരേഖയിൽ റോഡ് സംരക്ഷണത്തിന്റെയും പരിപാലനത്തിന്റെയും ഭാഗമായല്ലാതെ ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് പുതിയ റോഡിന്റെ കോൺക്രീറ്റിംഗ് നടത്താവുന്നതല്ലെന്ന് 18.09.2017-ലെ ഡി.എ.1/672/2017/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ടി സർക്കുലാറിന് വിരുദ്ധമായി ഓഡിറ്റ് വർഷം റോഡ് കോൺക്രീറ്റിംഗ് നടത്തുന്നതിന് 4287215 രൂപ അടങ്കലുണ്ടായിരുന്ന 29 പ്രോജക്ടുകൾ ആവിഷ്കരിക്കുകയും 2693200 രൂപ ചെലവഴിക്കുകയും ചെയ്തു. നിലവിലെ റോഡിന്റെ പരിപാലനത്തിന്റെയും സംരക്ഷണത്തിന്റെയും ഭാഗമായി കോൺക്രീറ്റിംഗ് ആവശ്യമാണെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുകയാണെങ്കിൽ കോൺക്രീറ്റിംഗ് അനുവദിക്കാവുന്നതാണെന്ന് 10.11.2017 ലെ ഡി.എ1/859/ 2017/ത്വ.സ.ഭ നമ്പർ സർക്കുലറിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ എഞ്ചിനീയറുടെ സാക്ഷ്യപ്പെടുത്തൽ ഇല്ലാതെയാണ് കോൺക്രീറ്റിംഗ് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശത്തിന്റെ ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-26 ശുചിത്വ ഗ്രാമം പദ്ധതി നടപ്പിലായില്ല

ഗ്രാമ പഞ്ചായത്തിന്റെ ഹരിത കർമ്മസേന പ്രവർത്തകർ ശേഖരിച്ചു കൊണ്ടുവരുന്ന മാലിന്യം തരംതിരിച്ച് സൂക്ഷിക്കുന്നതിനുള്ള ശുചിത്വ ഗ്രാമം പദ്ധതിക്കായി 2018-19 വർഷം സംസ്ഥാന ശുചിത്വ മിഷനിൽ നിന്ന് 12 ലക്ഷം രൂപയിൽ 934550 രൂപ വകയിരുത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി (37/18-19) ആവിഷ്കരിച്ചുവെങ്കിലും നടപ്പിലായില്ല. മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി അസ്സിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 1720000 രൂപ വകയിരുത്തി പ്രോജക്ട് ( നം-216/18-19) ആവിഷ്കരിച്ചു. ടി പ്രവൃത്തിക്കായി ടെണ്ടർ, റീ ടെണ്ടർ നടപടികളിൽ ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ ക്വട്ടേഷൻ ക്ഷണിച്ചിരുന്നു. എന്നാൽ ക്വട്ടേഷൻ സംബന്ധമായ നടപടികൾ പൂർത്തീകരിക്കാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. കടമ്മനിട്ട മാർക്കറ്റിൽ കെട്ടിടം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. നിലവിൽ മാലിന്യം സൂക്ഷിക്കുന്നത് കടമ്മനിട്ടയിൽ പകൽവീടിനായി നിർമ്മിച്ച കെട്ടിടത്തിലാണ്. പ്രസ്തുത സാഹചര്യത്തിൽ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി സെന്റർ അടിയന്തിരമായി സ്ഥാപിക്കേണ്ടതും പകൽ വീടിനായി നിർമ്മിച്ച കെട്ടിടം ആ ഉദ്ദേശത്തിനായി തിരികെ നൽകേണ്ടതുമാണ്.

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ഒരേ ആവശ്യത്തിനായി പ്രോജക്ട് വയ്ക്കുന്നതല്ലാതെ പദ്ധതികളൊന്നും നടപ്പിലായിട്ടില്ല. വിവിധ ഏജൻസികളിൽ നിന്നും ലഭ്യമായ പണം ചെലവഴിക്കാതെ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുകയാണ്. പദ്ധതി നടപ്പിലാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആരാഞ്ഞുകൊണ്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന് (നം-12/19 തീയതി 23-11-2019) ലഭ്യമാക്കിയ മറുപടിയിൽ, ക്വട്ടേഷൻ നടപടികൾ പൂർത്തീകരിച്ച് പദ്ധതി നിർവവ്ഹണം നടപ്പ് വർഷം പൂർത്തീകരിക്കുമെന്നാണ് അറിയിച്ചത്. അടിയന്തിരമായി മെറ്റീരിയൽ കളക്ഷൻ സെന്റർ സ്ഥാപിക്കേണ്ടതും ശുചിത്വ ഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടപ്പിലാക്കി വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-27 മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ പണി നടത്തിയില്ല

2018-19-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ പഞ്ചായത്തിൽനിന്നും അഡ്വാൻസ് കൈപ്പറ്റിയതിനുശേഷം പണി നടത്തിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട് | യൂണിറ്റ് കോസ്റ്റ് | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ മുൻകൂർ തുക | ബിൽ നം., തീ. |
|---|---|---|---|---|---|
| 1 | ലൈഫ് പദ്ധതി - എസ്.സി.പി. (66/19) | 400000 | ശ്രീമതി കാഞ്ചന കെ., | 40000 | 4/13.08.18 |

| | | | | | |
|---|---|---|---|---|---|
| | | | തേപ്പുകല്ലുങ്കൽ, നാരങ്ങാനം | | |
| 2 | ഭവന പുനരുദ്ധാരണം - എസ്.സി.പി. (68/19) | 50000 | ശ്രീ ശശി, പുന്നശ്ശേരിൽ | 25000 | 8/17.10.18 |
| | | | ശ്രീമതി ശാന്ത വാസു, ആമപ്പാറയ്ക്കൽ | 25000 | 10/22.11.18 |
| | ആകെ | | | 90000 | |

മുൻകൂർ കൈപ്പറ്റി പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കൾക്കെതിരെ എഗ്രിമെന്റിലെ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ നിർവ്വഹണ ഉദ്യോഗസ്ഥ സ്വീകരിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ **ടി ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.** ടി ഗുണഭോക്താക്കൾ പണി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ, അല്ലാത്ത പക്ഷം തുക 12% പലിശ സഹിതം തിരികെ ഈടാക്കി വിവരം അറിയിക്കുകയോ ചെയ്യേണ്ടതാണ്.

# 1-28 വാട്ടർ അതോറിറ്റിയിൽ ചെലവാകാതെ അവശേഷിക്കുന്ന 262436 രൂപ തിരികെ ഈടാക്കിയില്ല

വാട്ടർ അതോറിറ്റിയിൽനിന്നും ലഭിച്ചിട്ടുള്ള വിനിയോഗ സാക്ഷ്യപത്രങ്ങൾ പ്രകാരം 2012-13 മുതൽ 2017-18 വരെ യുള്ള കാലയളവിൽ വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി ഡെപ്പോസിറ്റ് ചെയ്ത തുകയിൽ 262436 രൂപ ചെലവഴിക്കപ്പെടാതെ അവശേഷിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | ഡെപ്പോസിറ്റ് തുക | വിനിയോഗ സാക്ഷ്യപത്ര പ്രകാരം ചെലവഴിച്ച തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|
| 1. | 2012-13 | 47 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 570000 | 717922 | 66078 |
| 2. | " | 135 | റേഷൻകടപ്പടി - കണിയമ്പതാക്കൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 54000 | | |
| 3. | " | 138 | ആമപ്പാറ - മലേക്കുഴി പറങ്കിമാംകൂട്ടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 75000 | | |
| 4. | " | 139 | ആമപ്പാറ - മലേക്കുഴി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 10000 | | |
| 5. | " | 140 | നെടുമുരുപ്പ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 35000 | | |
| 6. | " | 141 | 9-ാം വാർഡിലെ പട്ടികജാതിക്കാർക്ക് ഗാർഹിക കുടിവെള്ള കണക്ഷൻ | 40000 | | |

| | | | | | | |
|---|---|---|---|---|---|---|
| 7. | 2013-14 | 38 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 350000 | 279618 | 70382 |
| 8. | 2014-15 | 9 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 500000 | 499573 | 50427 |
| 9. | “ | 163 | കണമുക്ക് പാറയിൽപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 50000 | | |
| 10. | 2016-17 | 6 | വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 190000 | 152519 | 37481 |
| 11. | 2017-18 | 61 | കല്ലേഴം കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 200000 | 311932 | 38068 |
| 12. | “ | 62 | മാണിക്കുളം എസ്.സി. കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 150000 | | |
| | | | ആകെ | | | 262436 |

വാട്ടർ അതോറിറ്റിയിൽ ചെലവാകാതെ അവശേഷിക്കുന്ന തുക ഉപയോഗിച്ച് മറ്റ് കുടിവെള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനുള്ള സാധ്യതകൾ ആരായുകയോ, അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിൽ ഒടുക്കുവരുത്തുകയോ ചെയ്യേണ്ടതാണ്.

# 1-29 അഗതി രഹിത കേരളം പദ്ധതി - നിർവ്വഹണത്തിൽ പുരോഗതി ഇല്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെയും, നിലവിലെ ആശ്രയ പദ്ധതികളിൽ ഉൾപ്പെട്ടിട്ടുള്ളവരെയും, തുടർന്നും സേവനത്തിന് അർഹരായവരായ ഗുണഭോക്താക്കളെയും കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച അഗതി രഹിത കേരളം പദ്ധതിയുടെ നടത്തിപ്പ് ഫലപ്രദമായില്ല. 14603299 രൂപ അടങ്കൽ വകയിരുത്തി, 192 അഗതി കുടുബങ്ങൾക്ക് പരിചരണ സേവന പാക്കേജ് നടപ്പിലാക്കുന്നതിനുള്ള ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ട് 2018-2021 കാലയളവിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ചാണ് പദ്ധതി തയ്യാറാക്കിയതെങ്കിലും പദ്ധതിയ്ക്ക് അംഗീകരം ലഭിച്ചത് 10.03.2019-ൽ മാത്രമാണ്. 28.11.2019 വരെ ഭക്ഷ്യധാന്യ വിതരണത്തിനായി 701556 രൂപ മാത്രമാണ് പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചിട്ടുള്ളത്. 1.46 കോടി രൂപ അടങ്കലുള്ള കർമ്മ പദ്ധതിയ്ക്ക് നാളിതുവരെ 5 ലക്ഷം രൂപ മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയിട്ടുള്ളത്. പ്രോജക്ടിൽ വകയിരുത്തിയിട്ടുള്ള തദ്ദേശ സ്ഥാപന വിഹിതം സമയബന്ധിതമായും, പൂർണ്ണമായും അനുവദിച്ച് നൽകാതിരിക്കുന്നത് ശരിയായ നടപടിയല്ല. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇതര സേവനങ്ങളായ ചികിത്സാ സഹായം, ഭവന രഹിതർക്കുള്ള വീട്, ഭവന പുനരുദ്ധാരണം, കുടിവെള്ളം, വൈദ്യുതി, വിദ്യാഭ്യാസം തുടങ്ങിയ സഹായങ്ങൾ ഒന്നും തന്നെ അഗതി കുടുംബങ്ങൾക്ക് ലഭ്യമാക്കിയിട്ടില്ല. ഭവന രഹിതരായ 17 അഗതി കുടുംബങ്ങളിൽ 2 കുടുംബങ്ങൾ മാത്രമാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. അഗതി കുടുംബങ്ങളെ ഒഴിവാക്കി ലൈഫ് പദ്ധതി

നടപ്പിലാക്കിയത് അന്വേഷണ വിധേയമാക്കേണ്ട സംഗതിയാണ്. കർമ്മ പദ്ധതി സമയബന്ധിതമായും, കാര്യക്ഷമമായും നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ടവർ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

# 1-30 എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ- പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം | എസ്.0028/2019 |
| പ്രോജക്ടിന്റെ പേര് | എസ്.സി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ നൽകൽ |
| അടങ്കൽ | 241200(വികസന ഫണ്ട്-എസ്.സി.പി) |
| ബിൽ നം/തീയതി<br>ചെലവ് തുക | 13/18-19/27.03.2019<br>199986 |

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ "പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം" എന്ന പ്രോജക്ടിന്റെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

I) ആർട്ട്കോ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടി കൂടാതെ താഴെപ്പറയുന്ന സാധനങ്ങൾ വാങ്ങിയിട്ടുണ്ട്.

| Sl.No | particulars | Qty | Rate | Amount(including 18%GST) |
|---|---|---|---|---|
| 1 | Steel Table With 3 drawer / one drawer and cupboard on right side with novapan top 36*18*30(22G) 12 KG | 40 | 3274 | 154532.8 |
| 2 | ST963 Steel Chair | 40 | 963 | 45453.6 |

02.02.2018ലെ 4/2018/SPD-ാം നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ സ്പെസിഫിക്കേഷനും വിലയും ഉൾപ്പെടുത്തിയിട്ടുള്ള ഫർണ്ണീച്ചറുകൾ മാത്രമേ ടെണ്ടർ നടപടി കൂടാതെ വാങ്ങുവാൻ അനുവാദമുള്ളൂ. എന്നാൽ മേൽ സൂചിപ്പിച്ച ഫർണ്ണീച്ചറിന്റെ സ്പെസിഫിക്കേഷനും വിലയും പ്രസ്തുത ഉത്തരവിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ കസേരകൾ ടെണ്ടർ നടപടി സ്വീകരിച്ച് വാങ്ങേണ്ടിയിരുന്നു. നിലവിലെ സ്റ്റോർ പർച്ചേയ്സ് മാനദണ്ഡങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും വിരുദ്ധമായാണ് കസേരകൾ വാങ്ങിയിട്ടുള്ളത്.

II) വാങ്ങിയ 40 മേശകളും 40 കസേരകളും സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടെങ്കിലും 31 വിദ്യാർത്ഥികൾക്ക് മാത്രമാണ് ടി. പഠനോപകരണങ്ങൾ വിതരണം ചെയ്തിട്ടുള്ളത്. 9 മേശ, 9 കസേര എന്നിവ നിലവിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നു. ആവിശ്യാതിഷ്ഠിതമല്ലാതെയാണ് വാങ്ങൽ നടത്തിയതെന്ന് വ്യക്തമാണ്.

III ) വിതരണം ചെയ്യാൻ മേശകൾ, കസേരകൾ എന്നിവ ഉണ്ടായിരുന്നിട്ടും പഞ്ചായത്തിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുകയും ആവശ്യമായ രേഖകൾ ഹാജരാക്കുകയും ചെയ്ത 2 വിദ്യാർത്ഥികൾക്ക്(അനന്യ അനിൽ(പതാക്ക്, നാരങ്ങാനം, വാർഡ്-12), അഭിരാമി(പതാക്ക്, നാരങ്ങാനം, വാർഡ്-12)) പഠനോപകരണങ്ങൾ നൽകിയിട്ടില്ല. ടി വിദ്യാർത്ഥികളുടെ പേര് ആദ്യം തന്നിരിക്കുന്ന രജിസ്റ്ററിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും പിന്നീട് നീക്കം ചെയ്തിട്ടുണ്ട്.

IV) ആവശ്യമായ രേഖകൾ ഹാജരാക്കാതെ തന്നെ താഴെപ്പറയുന്ന വിദ്യർത്ഥികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ഫയൽ പരിശോധിച്ചതിൽ വ്യക്തമായി.

| ക്രമ നം | വിദ്യാർത്ഥിയുടെ പേര് | മേൽ വിലാസം | വാർഡ് | റിമാർക്ക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | ആര്യമോൾ.കെ | കാഞ്ഞിരത്തോലിൽ | V | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 2 | അരണ്യ രതീഷ് | ചക്കുപാറ പള്ളിപ്പറമ്പിൽ തോന്ന്യാമല. പി.ഒ | XI | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 3 | ശ്രുതി.എസ്സ് | സുധി ഭവൻ നാരങ്ങാനം | V | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 4 | ശ്രീലക്ഷ്മി.റ്റി.എ | തീക്കുഴി | X | ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| 5 | പ്രതീക്ഷ പ്രശാന്ത് | ഉണ്ടിയിൽ നാരങ്ങാനം | XII | സ്കൂൾ വിദ്യാർത്ഥിയാണെന്നതിന്റെ രേഖയും ജാതി സർട്ടിഫിക്കറ്റും വാങ്ങി സൂക്ഷിച്ചിട്ടില്ല. |

ടി. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം-5/23.11.2019) മറുപടിയായി 4/2018/SPD നമ്പർ സർക്കാർ ഉത്തരവിന്റെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയ സർക്കാർ വിലയും സ്പെസിഫിക്കേഷനും ശ്രദ്ധയിൽ പെട്ടില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. രേഖകൾ ഹാജരാക്കിയിട്ടും പഠനോപകരണങ്ങൾ നൽകാത്ത വിദ്യാർത്ഥികൾക്ക് ഫർണ്ണീച്ചർ വിതരണം ചെയ്യുന്നതിനും ജാതി സർട്ടിഫിക്കറ്റ് ഹാജരാക്കാത്ത വിദ്യാർത്ഥികളിൽ നിന്നും ആയത് ലഭ്യമാക്കുന്നതിനും അവശേഷിക്കുന്ന പഠനോപകരണങ്ങൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനും നടപടി സ്വീകരിക്കുമെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുമുണ്ട്. നടപടികൾ അടിയന്തിരമായി പൂർത്തിയാക്കി വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-31 വാടക കുടിശ്ശിക നിലനിൽക്കെ കരാർ പുതുക്കി നൽകി

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടമ്മനിട്ട മർക്കറ്റിലെ 3-ാം നമ്പർ കടമുറി 2017-2018 സാമ്പത്തിക വർഷം വാടകയ്ക്ക് എടുത്തിരുന്നത് ശ്രീമതി. മല്ലിക എന്ന വ്യക്തിയാണ്. ടിയാൾ 4 മാസത്തെ വാടകയായ 5828രൂപ പഞ്ചായത്തിന് നൽകാനുണ്ട്. എന്നാൽ വാടക കുടിശ്ശിക നിലനിൽകെ ടി വ്യക്തിയ്ക്ക് തന്നെയാണ് 2018-2019,2019-2020 വർഷങ്ങളിൽ വാടകക്കരാർ പുതുക്കി നൽകിയത്. വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-32 കെയ്ക്കോയിൽ നിന്നും ടെണ്ടർ നടപടി കൂടാതെ വളം, കീടനാശിനി എന്നിവ വാങ്ങി

ടെണ്ടർ ഒഴിവാക്കി വാങ്ങാവുന്ന സാധന സാമഗ്രികൾ, സർക്കാർ/അർദ്ധ സർക്കാർ/ഗവ. അംഗീകൃത സ്ഥാപനങ്ങൾ എന്നിവ സ്വയം നിർമ്മിക്കുന്നവയ്ക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതായും അങ്ങനെയല്ലാത്തവ പരസ്യ ടെണ്ടർ മുഖേന വാങ്ങേണ്ടതാണെന്നും സ.ഉ(സാധ)3299/2016/ത.സ്വ.ഭ.വ തീയതി 02-12-2016 പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ടെണ്ടർ നടപടി കൂടാതെ വളം, കീടനാശിനി എന്നിവ വാങ്ങുന്നതിന് പ്രത്യേകമായി സർക്കാർ അനുമതി നൽകിയിട്ടില്ല. എന്നാൽ കൃഷി ഓഫീസർ നടപ്പാക്കിയ സമഗ്ര പച്ചക്കറിക്യഷി വികസനം(നം-26/19) പ്രോജക്ടിൽ ടെണ്ടർ നടപടികൾ കൂടാതെ ഇവ വാങ്ങിയിട്ടുണ്ട് . വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ബിൽ തുക | ബിൽ നം/ തീയതി | KAICO യ്ക്ക് വളത്തിനും കീടനാശിനിക്കും നൽകിയ തുക |
|---|---|---|---|
| 1 | 1260000 | 4/18-19,28.11.2018 | 94500 |
| | | | |

| | | | |
|---|---|---|---|
| 2 | 40700 | 10/18-19,21.01.2019 | 33300 |

അപാകത സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയോട് വിശദീകരണം എൻക്വയറി(നം-26/27.11.2019) മുഖേന ആവശ്യപ്പെട്ടെങ്കിലും തൃപ്തികരമായ മറുപടി ലഭ്യമാക്കിയില്ല. കെയ്കോ നിർമ്മിക്കാത്തതും മറ്റ് സ്ഥാപനങ്ങളിൽ നിന്ന് KAICO വാങ്ങി വിതരണം ചെയ്യുന്നതുമായ സാധനങ്ങളുടെ ഗുണനിലവാരവും വിലയും പൊതു വിപണിയിലുള്ളതിനേക്കാൾ മെച്ചപ്പെട്ടതാണെങ്കിൽ കെയ്കോയിൽ നിന്നും വാങ്ങുന്നതിന് മുൻഗണന നൽകാവുന്നതാണെന്ന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 15.03.2017 ലെ റ്റി.ജി.II(1)11880/17-ാം നമ്പർ സർക്കുലർ മറുപടിയോടൊപ്പം ഹാജരാക്കി മറ്റ് സ്ഥാപനങ്ങളുടെ സാധനങ്ങൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ ഒഴിവാക്കുന്നത് സംബന്ധിച്ച് യാതൊരു പരാമർശവും പ്രസ്തുത സർക്കുലറിൽ ഉൾപ്പെട്ടിട്ടില്ല. മാത്രമല്ല കൃഷി വകുപ്പ് ഡയറക്ടറുടെ സർക്കുലർ വകുപ്പ് തലത്തിലുള്ള പദ്ധതിക്ക് മാത്രമാണ് ബാധകം. ഭാവിയിൽ അപാകത ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-33 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളുടെ അവസ്ഥ മെച്ചപ്പെടുത്താൻ നടപടിയില്ല

I ഗവ.എൽ.പി സ്കൂളിൽ അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തം

ഗ്രാമപഞ്ചായത്തിന്റെ ചുമതലയിലുള്ള ഏക വിദ്യാലയമാണ് കടമ്മനിട്ട ഗവ.എൽ.പി സ്കൂൾ ഇവിടെ പ്രീ പ്രൈമറി വിഭാഗവും 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളുമാണ് പ്രവർത്തിക്കുന്നത്. പ്രീ പ്രൈമറി വിഭാഗത്തിൽ 10 കുട്ടികളും പ്രൈമറി വിഭാഗത്തിൽ 35 കുട്ടികളും ഉൾപ്പെടെ 40 കുട്ടികളും 5 അധ്യാപകരുമാണ് സ്കൂളിലുള്ളത്. സ്കൂളിലെ അടിസ്ഥാന സൗകര്യങ്ങൾ തീരെ അപര്യാപ്തമാണെന്ന് ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ വ്യക്തമായി.

1)<u>സ്കൂളിൽ ക്ലാസ്സുകളെ തമ്മിൽ വേർതിരിക്കുന്നതിന് സംവിധാനമില്ല.</u>

1 മുതൽ 4 വരെയുള്ള ക്ലാസ്സുകൾ ഒരു വലിയ ഹാളിലാണ് പ്രവർത്തിക്കുന്നത്. ക്ലാസ്സുകളെ തമ്മിൽ വേർതിരിക്കുന്നതിന് സ്ക്രീൻ സംവിധാനം ഇല്ലാത്തത് കുട്ടികൾക്കും, അദ്ധ്യാപകർക്കും വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്ന് ഓഡിറ്റിന് നേരിട്ട് ബോധ്യപ്പെട്ടു.

2)<u>സീലിംഗ് ഷീറ്റ് ഇളകികിടക്കുന്നു.</u>

സ്കൂളിന്റെ മേൽക്കൂരയ്ക്ക് താഴെ സ്ഥാപിച്ചിട്ടുള്ള സീലിംഗ് പലയിടത്തും ഇളകി കിടക്കുകയാണ്. ഇപ്രകാരം റൂഫിംഗ് ഇത് അപകടകരമാണ്. ആയത് പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അധികൃതർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3)<u>മേൽക്കൂര ചോർന്നൊലിക്കുന്നു</u>

സ്കൂളിന്റെ മേൽക്കൂര ഓടിട്ടതാണ്. ഇത് പലയിടത്തും ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്. ഇപ്രകാരം ചോർന്നൊലിക്കുന്ന മേൽക്കൂരക്ക് താഴെയാണ് സീലിംഗ് നടത്തിയിട്ടുള്ളത്.

4)<u>ഫർണ്ണീച്ചറിന്റെ അപര്യാപ്തത</u>

സ്കൂളിൽ കുട്ടികൾക്ക് ആവശ്യമായ ഫർണ്ണീച്ചറില്ല. കുട്ടികൾക്ക് ബുക്ക് വച്ച് എഴുതുന്നതിന് ഉയരം കുറഞ്ഞ മേശകളാണുള്ളത്. കുട്ടികൾ ഇരിക്കുന്ന ബഞ്ചിൽ നിന്നും മേശമേൽ വച്ച് എഴുതാൻ കഴിയാത്ത അവസ്ഥയാണ് നിലനിൽക്കുന്നത്. സ്കൂളിലെ പുസ്തകങ്ങൾ സൂക്ഷിക്കുന്നതിന് വേണ്ടത്ര അലമാരകളില്ല. ഒരു അലമാര മാത്രമാണുള്ളത്. ആവശ്യത്തിന് ഫാനുകളില്ല. ഉള്ള ഫാനുകൾ പലതും പ്രവർത്തിക്കുന്നില്ല.

5)<u>കഞ്ഞിപ്പുരയുടെ അവസ്ഥ ശോചനീയം</u>

സ്കൂളിന്റെ കഞ്ഞിപ്പുരയുടെ അവസ്ഥ വളരെ ശോചനീയമാണ്. വളരെ ഇടുങ്ങിയ ഒരു കെട്ടിടമാണ് കഞ്ഞിപ്പുരയായി പ്രവർത്തിക്കുന്നത്. ആഹാരം പാകം ചെയ്യുമ്പോഴുണ്ടാകുന്ന പുക പുറത്ത് പോകുന്നതിന് ആവശ്യമായ സംവിധാനമില്ല. മുറിയുടെ തറ പൊളിഞ്ഞു കിടക്കുന്നു. കഞ്ഞിപ്പുര അറ്റകുറ്റ പണി

നടത്തുന്നതിന് ഭരണസമിതി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഗ്രാമപഞ്ചായത്തിന് കൈമാറി കിട്ടിയ ഏക വിദ്യാഭ്യാസ സ്ഥാപനമായ ഈ സ്കൂളിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് ഭരണസമിതി നടപടികൾ സ്വീകരിക്കേണ്ടതാണ്.

II **അങ്കണവാടികൾ**

പഞ്ചായത്തിൽ 19 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും 6 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളത്. അവശേഷിക്കുന്നവയിൽ 11 എണ്ണം വാടകക്കെട്ടിടത്തിലും 2 എണ്ണം വാടക രഹിതമായും പ്രവർത്തിച്ച് വരുന്നു. അങ്കണ വാടികൾക്ക് വകുപ്പിൽ നിന്ന് വാടകയ്ക്കായി പ്രതിമാസം 750/- രൂപ നൽകുന്നുണ്ടെങ്കിലും അധികമായി നൽകേണ്ടി വരുന്ന വാടക നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് പുറമ്പോക്ക് സ്ഥലം കണ്ടെത്തി സ്വന്തമായി കെട്ടിടം നിർമ്മിച്ച് നൽകാൻ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ല. ഒരു അംഗൻവാടിക്ക് ടോയ്‌ലറ്റ് സൗകര്യം ലഭ്യമാക്കിയിട്ടില്ല.

ഭക്ഷ്യ ധാന്യ സംഭരണികൾ കാലപ്പഴക്കം ചെന്നവയാണ്. ഇവ മാറ്റി പുതിയവ നൽകേണ്ടതാണ്. ശിശു സൗഹൃദ ഫർണ്ണീച്ചറുകൾ ലഭ്യമാക്കിയിട്ടില്ല. ഉപയോഗശൂന്യമായ കസേരകൾ, കളിയുപകരണങ്ങൾ, പാത്രങ്ങൾ എന്നിവ മാറ്റി പുതിയത് നൽകുന്നതിനും നടപടി കൈക്കൊണ്ടിട്ടില്ല.

29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.8.2 പ്രകാരം അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പ് വരുത്തുന്നതിനും മെച്ചപ്പെട്ട പ്രവർത്തനങ്ങൾക്കുമായി നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങളെ അടിസ്ഥാനപ്പെടുത്തി അങ്കണവാടികളുടെ ശരിയായ പരിപാലനം ഉറപ്പ് വരുത്തേണ്ടതാണ്.

**III)പ്രൈമറി ഹെൽത്ത് സെന്റർ, കടമ്മനിട്ട**

കടമ്മനിട്ട പ്രൈമറി ഹെൽത്ത് സെന്റർ നിലവിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. അതിനാൽ വൈകിട്ട് 6 മണി വരെ ഒ.പി. പ്രവർത്തനത്തിനായി ഒരു ഡോക്ടറുടേയും 2 പാരാ മെഡിക്കൽ സ്റ്റാഫിന്റേയും ആവശ്യമുണ്ടെങ്കിലും ഇവരുടെ നിയമനത്തിനായി പഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടില്ല. 60 വർഷത്തോളം പഴക്കമുള്ള ഒ.പി കെട്ടിടത്തിൽ രോഗികളുടെ കാത്തിരിപ്പ് സ്ഥലം മഴ പെയ്യുന്ന വേളയിൽ ചോർന്നൊലിക്കുന്ന അവസ്ഥയിലാണ്.

പാലിയേറ്റീവ് കെയർ പദ്ധതിക്കായി പഞ്ചായത്ത് വകയിരുത്തുന്ന തുക പാലിയേറ്റീവ് പ്രവർത്തനങ്ങൾ, മെഡിസിൻ, മറ്റ് ഉപകരണങ്ങൾ എന്നിവയ്ക്ക് അപര്യാപ്തമായതിനാൽ പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.

29.01.2018ലെ സ.ഉ(കൈ)11/2018/തസ്വഭവ നമ്പർ ഉത്തരവ് അനുച്ഛേദം 7.7.1 പ്രകാരം, കൈമാറക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക, അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണം, കെട്ടിട പുനർനിർമ്മാണം എന്നിവയ്ക്കായി ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളുടെ വിഹിതം ഉൾപ്പെടുത്തി പ്രോജക്ടുകൾ നടപ്പാക്കാവുന്നതുമാണ്. ആർദ്രം പദ്ധതിക്കായി കരാറടിസ്ഥാനത്തിൽ ഡോക്ടർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിച്ച് അനുവദനീയമായ വേതനം വികസന/തനത് ഫണ്ടിൽ നിന്നും അനുവദിക്കാവുന്നതുമാണ്. മാർഗ്ഗരേഖയിൽ മേൽ വസ്തുതകൾ വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടെങ്കിലും നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല. ടി. വിഷയത്തിൽ ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

**IV)എം.ജി.എസ്സ് ഡിസ്പൻസറി, മഹാണിമല, നാരങ്ങാനം**

പഞ്ചായത്തിന് മഹാണിമലയിൽ സ്വന്തമായി ഡിസ്പൻസറിയുണ്ട് ഇത് പ്രവർത്തിക്കുന്നത് വാടകക്കെട്ടിടത്തിലാണ്. ഡിസ്പൻസറിക്കെട്ടിടത്തിന്റെ വാടക കൃത്യമായി നൽകുന്നില്ല. ആയതിനാൽ ടി കെട്ടിടത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് കെട്ടിട ഉടമ വിമുഖത കാട്ടുന്നു. നിലവിൽ പരിസരം

കാടുകയറിയ നിലയിലാണ്. ഡിസ്പൻസറിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിന് നാളിതുവരെ പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല. പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-34 മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, കടമ്മനിട്ട), മെഡിക്കൽ ഓഫീസർ (എം.ജി.എസ് ഡിസ്പൻസറി, മഹാണിമല, നാരങ്ങാനം) എന്നിവർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ പ്രകാരം മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ടെങ്കിലും ഇവ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ടിന്റെ വിശദാംശങ്ങൾ | നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ആകെ ചെലവ് | മരുന്നുകൾക്കും അനുബന്ധ ഉപകരണങ്ങൾക്കും ചെലവഴിച്ച തുക | ബിൽ നം./ ചെക്ക് നം/ തീയതി | ലഭിച്ച മരുന്നുകൾ (രൂപയിൽ) | ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകൾ (രൂപയിൽ) |
|---|---|---|---|---|---|---|---|---|
| 1 | കടമ്മനിട്ട പി.എച്ച്.സി. ക്ക് മരുന്ന് വാങ്ങൽ (11/2019) | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി, കടമ്മനിട്ട) | 250000 (റോഡിതര മെയിന്റനൻസ് ഫണ്ട്) | 225000 | 225000 | 6/18-19 18.09.2018 | 194153 | 30847 |
| 2 | സാന്ത്വന പരിചരണ പരിപാടി(10/2019) | | 550000 (പൊതു വിഭാഗം- സാധാരണ വിഹിതം) | 514100 | 85200 | 5/18-19 18.09.2018 | 59065 | 26135 |
| | | | 300000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | 300000 | 300000 | 10.12.2018 | 238390 | 61610 |

അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കാൻ നിർവ്വഹണോദ്യോഗസ്ഥർ നടപടികൾ സ്വീകരിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. ക്രമ നം.3 ലെ മഹാണിമല എം ജി എസ് ഡിസ്പെൻസറിക്ക് ലഭിച്ച രൂ.74539-ന്റെ മരുന്നുകൾ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ, തീയതി |
|---|---|---|
| 2018-19 | 08.07.2019 | കെ.എസ്.എ.ഡി.പി.റ്റി.എ/ പി1/602(25)/2019 |

## 4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതി പേര്, നമ്പർ | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1042263 | ലൈഫ് ഭവന പദ്ധതി - വിഹിതം (65/19) | 1042263 | 0 |
| | 2018-19 | 112500 | അങ്കണവാടി പോഷകാഹാരം (16/19) | 0 | 112500 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 255000 | സമഗ്ര നെൽകൃഷി വികസനം (21/19) | 255000 | 0 |
| | 2018-19 | 50000 | സമഗ്ര പച്ചക്കറി കൃഷി വികസനം (26/19) | 34000 | 16000 |
| | 2018-19 | 300000 | സ്വാന്തന പരിചരണം (10/19) | 300000 | 0 |
| | 2018-19 | 1438506 | ലൈഫ് ഭവന പദ്ധതി - വിഹിതം (65/19) | 1438506 | 0 |
| | 2018-19 | 300000 | പാലിന് സബ്സിഡി | 300000 | 0 |
| | 2018-19 | 100000 | സമഗ്ര ക്ഷീര വികസനം- കാലിത്തീറ്റ വിതരണം | 100000 | 0 |
| | 2018-19 | 303000 | മഹാണിമല ഗിരി ജൻ കോളനി കുടിവെള്ള pipeline extension | 0 | 303000 |
| | 2018-19 | 112500 | അങ്കണവാടി പോഷകാഹാരം (16/19) | 0 | 112500 |
| | 2018-19 | 200000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് (18/19) | 200000 | 0 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ഡെപ്പോസിറ്റ് ചെയ്ത വർഷം | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | നിർവ്വഹണ ഏജൻസി | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|
| 2018-19 | ആമപ്പാറ – ചാത്തുകാവ് കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (30/19) | 100000 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരിച്ചിട്ടില്ല | 100000 |
| 2018-19 | കാഞ്ഞിരത്തോലിൽ കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (31/19) | 150000 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരിച്ചിട്ടില്ല | 150000 |

| | | | | | |
|---|---|---|---|---|---|
| 2018-19 | ചിറയത്ത് കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (33/19) | 100000 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരിച്ചിട്ടില്ല | 100000 |
| 2018-19 | വിലങ്ങുപാറ കോളനി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (34/19) | 50000 | കേരള വാട്ടർ അതോറിറ്റി | പൂർത്തീകരിച്ചിട്ടില്ല | 50000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

# 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 5605631 രൂപ വരവുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചിതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ ഉദ്ദേശ്യം | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| ലൈഫ് മിഷൻ പദ്ധതി ((KURDFC)) | 5605631 | 5605631 | 0 | 5605631 |

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

# 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

# 4-9 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | സമാഹൃത റിപ്പോർട്ടിലെ ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2015-16 | 2016-17 | 2.1 | നിർവ്വഹണ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത രസീത് ബുക്കുകൾ ഉപയോഗിക്കാതെ ബാക്കി വന്നവ | തൽ സ്ഥിതി തുടരുന്നു |

| | | | | |
|---|---|---|---|---|
| | | | തിരികെ വാങ്ങി ക്യാൻസൽ ചെയ്ത സൂക്ഷിച്ചിട്ടില്ല. പഞ്ചായത്തിലെ ഉദ്യോഗസ്ഥർക്ക് വിതരണം ചെയ്ത മാന്വൽ രസീതുകൾ എന്നിവ സംബന്ധിച്ച് | |
| 2015-16 | 2016-17 | 2.2 | ഡി.&ഒ. ലൈസൻസ് ചട്ടപ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2013-14 | 2014-15 | 2.4 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ്, നാരങ്ങാനം സർവ്വീസ് കോ. ഓപ്പറേറ്റീവ് ബാങ്ക് എന്നീ സ്ഥാപനങ്ങളിലെ വിവിധ ശാഖകളിലെ തൊഴിൽ നികുതി പിരിവിൽ കുടിശ്ശിക സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2014-15 | 2015-16 | 2.3 | മുളമൂട്ടിൽ ഫൈനാൻസിയേഴ്സ് എന്ന സ്ഥാപനത്തിന് 2012-13 മുതലുള്ള തൊഴിൽനികുതി സ്ഥാപന നികുതി എന്നിവ ഈടാക്കുന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2014-15 | 2015-16 | 2.4 | മൗണ്ട് സിയോൺ റസിഡൻഷ്യൽ സ്കൂൾ സാവിയോ ചാരിറ്റബിൾ സ്കൂൾ എന്നിവിടങ്ങളിലെ അദ്ധ്യാപകരുടെ തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |
| 2014-15 | 2015-16 | 2.5 | റേഷൻ റീട്ടയിൽ ഡിപ്പോകൾ തൊഴിൽ നികുതി ഒടുക്കിയില്ല എന്നത് സംബന്ധിച്ച് | തൽ സ്ഥിതി തുടരുന്നു |

# 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60472628 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 45027167 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 90000 |

**ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-27 | 90000 | ശ്രീമതി. അനിത എൽ, വി.ഇ.ഒ |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. അനിത എൽ, വി.ഇ.ഒ | വി.ഇ.ഒ, നാരങ്ങാനം | പള്ളിപ്പറമ്പിൽ കിഴക്കേതിൽ അങ്ങാടിക്കൽ സൗത്ത് പി.ഒ ചെങ്ങന്നൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ/തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97(വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/352/2008 തീയതി 29-04-2009 | മുഴുവൻ ഖണ്ഡികകളും |
| 1996-97(ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/9/1998 തീയതി 09-10-2000/27-02-2001 | 2 |
| 1997-98 (ജ.ആ) | എൽ.എഫ്.പി.റ്റി.എ-പി 3/316/1999 തീയതി 10-01-2000 | 5 |
| 1997-98 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/473/1998 തീയതി 04-02-1999 | 3 |
| 1998-99 (വരവ്) | എൽ.എഫ്.പി.റ്റി.എ-പി 11/354/2008 തീയതി 29-04-2009 | 3 |
| 1998-99 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി 3/778/99തീയതി 09-03-2000 | മുഴുവൻ ഖണ്ഡികകളും |
| 1999-00 | എൽ.എഫ്.പി.റ്റി.എ-പി 11/460/2009 | 1 |

| | | |
|---|---|---|
| (വരവ്) | തീയതി 16-03-2010 | |
| 2000-01 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി3/353/2002തീയതി 13-11-2002 | 17 |
| 2002-03 (ചെലവ്) | എൽ.എഫ്.പി.റ്റി.എ-പി11/718/2009 തീയതി 20-03-2010 | 2 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി11/250/2008 തീയതി 31-12-2008 | 10 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി11/635/2009തീയതി 27-02-2010 | 3 |
| 2005-06 | എൽ.എഫ്.പി.റ്റി.എ-പി.11/636/2009 തീയതി 27-02-2010 | 2 |
| 2006-07 | എൽ.എഫ്.പി.റ്റി.എ-പി.11/701/2009 തീയതി 03-05-2010 | 14 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി11/750/09 തീയതി 13-04-2010 | 16 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ-പി 12/967/2013 തീയതി 17-01-2014 | 5 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ പി3/815/2017 തീയതി. 18.07.2017 | 5 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ പി5/1376/2018 തീയതി.24.10.2018 | 15 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**(ഒപ്പ്)**

**ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**പത്തനംതിട്ട**

നം.കെ.എസ്.എ.പി.റ്റി.എ.പി.5/1004/2019 തീയതി:07.01.2020

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ നാരങ്ങാനം ഗ്രാമപ്പഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.
ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നാരങ്ങാനം ഗ്രാമപഞ്ചായത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

**(ഒപ്പ്)**

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**പത്തനംതിട്ട**

No.KSA-PTA-P5-1004/2019 Date:
07.01.2020

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **Naranganam Grama Panchayat** in Pathanamthitta district for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.
In my opinion, the Financial Statements of **Naranganam Grama Panchayat** for the year 2018-19 except the obeservations of my report properly presents the picture of income and expenditure.

**(Sd-)**

**Deputy Director**
**Kerala State Audit Department**
**Pathanamthitta**